# STD - III

## അദ്ധ്യാപക സഹായി

## പാഠം -പതിനൊന്ന്  അനുരഞ്ജന കൂദാശ  ഭാഗം - ഒന്ന്

### ലക്ഷ്യം

നമ്മുടെ പാപംമൂലം നമ്മൾ സ്നേഹപിതാവായ ദൈവത്തിൽ നിന്നകലുന്നു. നമ്മെ വീണ്ടും പിതാവിലേക്ക് അടുപ്പിക്കുന്നതിനുവേണ്ടിയാണ് അനുരഞ്ജന കൂദാശ (കുമ്പസാരം) നൽകിയിരിക്കുന്നത്. ഞാൻ പാപങ്ങൾ ചെയ്തുപോയാൽ എത്രയും വേഗം കുമ്പസാരിക്കുകയും പിതാവിന്റെ സ്നേഹത്തിലേക്ക് തിരിച്ചുവരികയും ചെയ്യും.

### പഠനസഹായികൾ

* ധൂർത്ത പുത്രന്റെ ഉപമ (Prodigal Son - Malayalam Audio) Youtube
* മാതാപിതാക്കൾ - മക്കൾ തമ്മിലുള്ള ബന്ധം കഥാരൂപേണയുള്ള അവതരണം
* കസേരയിൽ ബാഗുകൾ വച്ചിട്ട് കുട്ടികളോട് കസേരയിൽ ഇരിക്കാൻ ആവശ്യപ്പെടുന്നു.
* വചനം - ലൂക്കാ. 15:11-32 (ധൂർത്ത പുത്രന്റെ ഉപമ), മത്താ.. 16:19 (പാപമോചനാധികാരം)

### പാഠത്തിന്റെ ഉള്ളടക്കം

* അനുരഞ്ജനം = രമ്യതപ്പെടുക, പാപം = ദൈവത്തിൽനിന്നും അകറ്റുന്നു.
* അനുരഞ്ജന കൂദാശ - ദൈവത്തിലേക്ക് അടുപ്പിക്കുന്നു.
* നമ്മുടെ തിരിച്ചുവരവിനുവേണ്ടി കാത്തിരിക്കുന്ന പിതാവാണ് നമ്മുടെ ദൈവം.
* ധൂർത്തപുത്രന്റെ കഥ
* നാം ചെയ്ത തെറ്റിനെക്കുറിച്ചുള്ള ദുഃഖവും പാപം ആവർത്തിക്കില്ലെന്ന നിശ്ചയവുമാണ് മനസ്താപം.
* മനസ്താപം രണ്ടുതരം - 1. പൂർണ്ണ മനസ്താപം  2. അപൂർണ്ണ മനസ്താപം
* പൂർണ്ണ മനസ്താപം - അടിസ്ഥാനം: നമ്മുടെ ദൈവസ്നേഹം
* അപൂർണ്ണ മനസ്താപം - ദൈവശിക്ഷ ഭയന്നുണ്ടാകുന്നത്.
* പാപമോചനാധികാരം - യേശു → ശിഷ്യന്മാർ → മെത്രാന്മാർ → പുരോഹിതർ

### പ്രാർത്ഥന

നേഹപിതാവായ ദൈവമേ, ഞങ്ങളുടെ പാപങ്ങൾ മൂലം അങ്ങിൽ നിന്നകന്നുപോകുന്ന സന്ദർഭങ്ങളിൽ എത്രയും വേഗം അനുരഞ്ജന കൂദാശയിലൂടെ അങ്ങേ സ്നേഹത്തിലേക്ക് തിരിച്ചുവരുവാൻ ഞങ്ങളെ സഹായിക്കണമേ.

## ചോദ്യങ്ങൾ

1. പാപം ചെയ്യുമ്പോൾ നാം ആരിൽനിന്നാണ് അകലുന്നത്?
2. ദൈവസ്നേഹത്തിലേക്ക് തിരിച്ചുവരുന്നതിനുവേണ്ടി നാം എന്തുചെയ്യണം?
3. തിരിച്ചെത്തിയ ധൂർത്തുപുത്രൻ, തന്റെ പിതാവിനോട് എന്താണ് പറഞ്ഞത്?
4. തിരിച്ചെത്തിയ മകനെ പിതാവ് എങ്ങനെ സ്വീകരിച്ചു?
5. എന്താണ് മനസ്താപം? അപൂർണ്ണമായ മനസ്താപം എന്നാൽ എന്ത്?

# STD - III

## അദ്ധ്യാപക സഹായി

## പാഠം -പതിനൊന്ന് അനുരഞ്ജന കൂദാശ ഭാഗം - രണ്ട്

**ലക്ഷ്യം**

നമ്മുടെ പാപങ്ങൾ മോചിപ്പിക്കപ്പെടുന്നതിനുവേണ്ടി യേശു സ്ഥാപിച്ച കൂദാശയാണ് അനുരഞ്ജന കൂദാശ. നാം പുരോഹിതനോട് ഏറ്റുപറയുന്ന പാപങ്ങൾ ഈശോ മോചിപ്പിക്കുന്നു. ഞാൻ പൂർണ്ണ മനസ്താപത്തോടെ എന്റെ പാപങ്ങൾ എല്ലാം പുരോഹിതനോട് ഏറ്റുപറഞ്ഞ് പാപമോചനം സ്വീകരിക്കും.

**പഠനസഹായികൾ**

* White paper, Pencil, Rubber - കുട്ടികൾ പേപ്പറിൽ കുത്തിവരച്ച ഭാഗങ്ങൾ മായിച്ച് വീണ്ടും paper clean ആക്കുന്നു
* CCC - 1485 - 1498
* വചനം - മത്താ. 5:23-24
* ചാർട്ട് - നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ

**പാഠത്തിന്റെ ഉള്ളടക്കം**

* പാപംമൂലം നമ്മൾ ദൈവത്തിൽനിന്നും സഹോദരരിൽ നിന്നും അകന്നുപോകുന്നു
* കുമ്പസാരത്തിനുമുമ്പ് 'കുമ്പസാരത്തിനുള്ള ജപവും' കുമ്പസാരത്തിനുശേഷം 'മനസ്താപ പ്രകരണവും' ചൊല്ലണം.
* കുമ്പസാരിക്കേണ്ടതെങ്ങനെ?
  - പാപങ്ങൾ ഓർമ്മിച്ചെടുക്കുക - വാക്ക്, പ്രവൃത്തി
  - ആത്മപരിശോധന നടത്തുക
  - പാപങ്ങളെക്കുറിച്ച് മനസ്തപിക്കുക
  - മേലിൽ പാപം ചെയ്യുകയില്ലെന്ന് ദൃഢപ്രതിജ്ഞ ചെയ്യുക.
  - പാപങ്ങൾ എല്ലാം പുരോഹിതനോട് ഏറ്റുപറയുക
  - വൈദികൻ നൽകുന്ന ഉപദേശങ്ങൾ സ്വീകരിച്ച് പ്രവർത്തിക്കുക
* കുട്ടികളെ വഴിതെറ്റിക്കുന്ന പാപങ്ങൾ
* നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ - 5

## പ്രാർത്ഥന

ഈശോയേ, ഞങ്ങൾ പാപം ചെയ്ത് അങ്ങയിൽനിന്നും അകലുവാൻ ഇടവരുമ്പോൾ പൂർണ്ണ മനസ്താപത്തോടെ എല്ലാ തെറ്റുകളും ഏറ്റുപറഞ്ഞ് കുമ്പസാരിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ.

## ചോദ്യങ്ങൾ

1. കുട്ടികളെ വഴിതെറ്റിക്കുന്ന പാപങ്ങൾ എന്തൊക്കെയാണ്?
2. കുമ്പസാരം എന്ന കൂദാശയുടെ പ്രത്യേകതയെന്ത്?
3. നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ ഏതെല്ലാം?
4. പ്രായശ്ചിത്തം അനുഷ്ഠിക്കുന്നതെങ്ങനെ?
5. പാപങ്ങൾ ഏറ്റുചൊല്ലുന്നതിനുമുമ്പായി നാം എന്തുചെയ്യണം?